പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4257

25.06.2014 ലെ മറുപടിയ്ക്ക്

## സുസ്ഥിര ടൂറിസം വികസനം

| ചോദ്യം<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. പാലോട് രവി<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. റ്റി.എൻ. പ്രതാപൻ | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | സുസ്ഥിര ടൂറിസം വികസനത്തിനായി നൂതന സംരംഭങ്ങൾ രൂപപ്പെടുത്താൻ ആഗോള നേതൃത്വം നൽകിയതിന് കേരള ടൂറിസത്തിന് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | എ യും ബി യും) | ഉണ്ട്. സുസ്ഥിര ടൂറിസം വികസനത്തിനുള്ള നൂതന സംരംഭമായി 'ഉത്തരവാദിത്ത ടൂറിസം' എന്ന പദ്ധതി ടൂറിസം വകുപ്പ് നടത്തി വരുന്നു. ഇന്നൊവേഷൻ ഇൻ പബ്ലിക് പോളിസി ആന്റ് ഗവേണൻസ് വിഭാഗത്തിൽ കുമരകത്ത് ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിലാക്കിയതിന് UNWTO ഉല്ലിസിസ് അവാർഡ് 2013 എന്ന അന്താരാഷ്ട്ര അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| ബി) | എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയതിനാണ് ഈ അംഗീകാരം ലഭിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം; | | |
| സി) | അംഗീകാരം ലഭിക്കാൻ ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | സി) | UNWTO ക്ക് അവാർഡിന് അപേക്ഷിക്കുന്നതിന് മുന്നോടിയായി സെക്രട്ടറി ജനറലിന് കിറ്റ്സ് തയ്യാറാക്കിയ കുമരകം മോണോഗ്രാഫ് നൽകുകയും അന്താരാഷ്ട്ര സമ്മേളനം സംഘടിപ്പിച്ചുകൊണ്ട് ഉത്തരവാദിത്ത ടൂറിസത്തിലൂടെ കുമരകത്തും കേരളത്തിലും നടത്തിയ പ്രവർത്തനങ്ങൾ ലോകശ്രദ്ധയിൽ കൊണ്ടു വരികയും ചെയ്തിട്ടുണ്ട്. വസ്തുതകൾ നേരിൽ കണ്ട് മനസ്സിലാക്കുന്നതിനായി UNWTO പ്രതിനിധികൾ രണ്ടു തവണ കുമരകം സന്ദർശിക്കുകയുമുണ്ടായി. |

സെക്ഷൻ ഓഫീസർ